# തൂലിക

## സ്കൂൾ ഡിജിറ്റൽ മാഗസിൻ
## ജി വി എച്ച് എസ്സ് എസ്സ് പുത്തൻചിറ

G.V.H.S.S PUTHENCHIRA



കഥകളും കവിതകളും സ്കൂൾ വിശേഷങ്ങളും നിറഞ്ഞ ഒരു കുഞ്ഞു സമാഹാരമാണ് ഞങ്ങളുടെ ഈ മാഗസിൻ. ഇതിൽ ഞങ്ങൾക്ക് കഴിയാവുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് .ക്ലാസ് മുറിയിലെ പഠനത്തിനുമപ്പുറം ചിന്തയുടെയും ഭാവനയുടെയും കലാവാസനയുടെയും ഒരു പുതിയ ലോകത്തേക്ക് നയിക്കാൻ ഈ ഉദ്യമത്തിന് കഴിയുന്നു എങ്കിൽ അത് ഞങ്ങൾക്ക് സന്തോഷമാണ്

•

## എഡിറ്റർ

# ഉള്ളടക്കം

## ഉള്ളടക്കം

ആശംസകൾ......5
വിദ്യാലയ ചരിത്രം......6
മഴപ്പാട്ട്......7
മഴ......7
പ്രകൃതിയെ അറിയാൻ......8
ലിറ്റിൽ കൈറ്റ്സ്......9
ജി വി എച്ച് എസ് എസ് പുത്തൻചിറ......9
സൗരയൂഥത്തിൽ ഒരു സംഖ്യാശ്രേണി......11
ഞാവൽ......12
ചിത്രകാരന്മാർ......14
കടംകഥ......15
സംസ്കൃത പഠനം......16
ബാല്യം......18
ഫോട്ടോ ഗാലറി......19
നന്ദി......23

# ആശംസകൾ

*ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ പരിശീലനത്തിന്റെ ഭാഗമായി ആർജിച്ച ശേഷികൾ ഉപയോഗിച്ച് നിർമിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു*

**ഹെഡ് മിസ്ട്രസ്**
**കെ എം ലത**

# വിദ്യാലയ ചരിത്രം

*പുത്തൻചിറ മേഖലയിലെ പ്രഥമ ഹൈസ്കൂളാണ് പുത്തൻചിറ ഗവ .വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ.1966 ലാണ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത് .ഒരു പ്രൈവറ്റ് വിദ്യാലയമായി തുടങ്ങാനുള്ള അനുമതിയും അത് പഞ്ചായത്തിന് കൈമാറുന്നതിനുള്ള നിർദേശവുമായാണ് ഗസറ്റ് വിജ്ഞാപനം വന്നതെങ്കിലും ഗവണ്മെന്റ് ഏറ്റെടുത്ത് നടത്തണം എന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ക്യാബിനറ്റ് മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മാള എം എൽ എ ശ്രീ. കെ കരുണാകരൻ എന്നിവരുടെ പിന്തുണയും പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കുഞ്ഞിത്തൊമ ഞാറ്റുവീട്ടിൽ ശ്രീ. ശങ്കരൻ നായർ എന്നിവരുടെ പരിശ്രമങ്ങളും 1966 ൽ സ്കൂൾ ആരംഭിക്കുന്നതിനു സഹായകമായി. ശ്രീ മേയ്ക്കാളി നാരായണൻ നമ്പൂതിരി 3 ഏക്കർ സ്ഥലം സ്കൂളിന് വേണ്ടി സംഭാവന നൽകുകയുണ്ടായി. പള്ളത്തേരി മനയിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം കൊണ്ട് സ്കൂൾ കെട്ടിട നിർമാണവും നടത്തി. 1991 ൽ VHSE ആരംഭിച്ചു 2004 ഹയർ സെക്കണ്ടറിയും ആരംഭിച്ചു .*

## മഴപ്പാട്ട്

*മാനത്തെ മുത്തുമാല*

*നൂലറ്റു താഴെ വീണു*

*മുത്തെല്ലാം ഒത്തുകൂടി*

*മുറ്റത്തൊരു കടലായി*

*കടലാസു വഞ്ചിക്കേറി*

*കടലിലെ മീൻ പിടിക്കാൻ*

*കൊതിയാവുന്നെന്റമ്മേ*

*വടികണ്ടാൽ മതിയാകും*

*ഗായത്രി വി എസ്*

*10A*

## മഴ

*മാനത്തു നിന്നൊരു കുഞ്ഞിമഴ*

*മണ്ണിലേക്കോടി കുതിച്ചുവന്നു*

*മണ്ണിലുരുണ്ടു പിരണ്ടുവീണു*

*ചാടിക്കളിക്കുംഒരുണ്ണി മഴ*

*വഴികളിൽ നീളെ നടന്നിടുന്നു*

*കുഴികളിൽ നീളെ നിറഞ്ഞിടുന്നു*

*തോടുകൾ തോറും തിമിർത്തിടുന്നു*

*ഷെറിൻഷാൽ8B*

Gvhss Puthenchira

# പ്രകൃതിയെ അറിയാൻ

## ത്രിഫല

കടുക്ക

നെല്ലിക്ക താന്നിക്ക

## ദശമൂലം

കുമിഴ്

കുവളം

മൂഞ്ഞ

പാതിരി

പാലകപ്പയ്യാനി

ഓരില

മൂവില

ചെറുവഴുതന

വഴുതന

ഞെരിഞ്ഞിൽ

## അഷ്ടചൂർണം

ചുക്ക്

മുളക്

തിപ്പലി

അയമോദകം

ജീരകം

കരിഞ്ജീരകം

കായം

ഇന്തുപ്പ്

## നാല്പാമരം

അത്തി

ഇത്തി

അരയാൽ

പേരാൽ

അപർണ സി എസ്
10A

## ലിറ്റിൽ കൈറ്റ്സ്

### ജി വി എച്ച് എസ് എസ് പുത്തൻചിറ

*പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ രൂപീകൃതമാകുന്ന 'ലിറ്റിൽ കൈറ്റ്സ് ' ഐടി ക്ലബ് രൂപീകരിക്കാൻ സ്കൂളിന് KITE അനുമതി നൽകുകയുണ്ടായി. ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ്, അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമ്മാണം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-ഗവേണൻസ്, വെബ് ടിവി തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യം നൽകുന്നതാണ് 'ലിറ്റിൽ കൈറ്റ്സ്' പദ്ധതി.*

*എട്ടാം ക്ലാസില് പഠിക്കുന്ന കുട്ടികളിൽ നിന്ന് മാര്ച്ച് 1 വരെ ക്ലബിലെ അംഗത്വത്തിന് അപേക്ഷ സ്വീകരിക്കുകയുണ്ടായി . മാര്ച്ച് 3 ന് അഭിരുചി പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന കുട്ടികളുടെ പട്ടിക മാര്ച്ച് 10 ന് പ്രസിദ്ധീകരിച്ചു. 29 പേർക്കാണ് Little Kites ൽ അംഗത്വം നൽകിയത്. Kite മാസ്റ്റർമാർക്കുള്ള പരിശീലനം ഏപ്രിൽ 4,5 തിയ്യതികളിൽ നടന്നു. Little Kite അംഗങ്ങൾക്ക് 23/06/2018 ന് ഏകദിന പരിശീലനം നൽകുകയുണ്ടായി. എല്ലാ ബുധനാഴ്ചകളിലും*

**Gvhss Puthenchira**

*വൈകീട്ട് ഒരു മണിക്കൂർ Routine class നടത്തുന്നുണ്ട്.സ്കൂൾ ക്യാമ്പ് 2018 സെപ്റ്റംബർ 1 ന് നടത്തുകയുണ്ടായി. 8 Little Kite അംഗങ്ങൾ ഉപജില്ലാ ക്യാമ്പിൽ പങ്കെടുത്തു .Little kite പരിശീലനത്തിൽ നിന്നും ആർജിച്ച അറിവുപയോഗിച്ച് ഡിജിറ്റൽ മാഗസിൻ നിർമാണം പൂർത്തിയാക്കി. അംഗങ്ങൾ ക്രിസ്മസ് അവധിക്കാലത്ത് ലഭിച്ച 2 ദിവസത്തെ പരിശീലനത്തിൽ നിന്നും News നിർമാണം വിദ്യാർഥികൾ നടത്തുകയുണ്ടായി.*

# സൗരയൂഥത്തിൽ ഒരു സംഖ്യാശ്രേണി

പല തരത്തിലുള്ള സംഖ്യാശ്രേണികളെ പറ്റി പഠിച്ചിട്ടുണ്ടല്ലോ? 2,4,6,8,10 എന്നതൊരു സംഖ്യാശ്രേണിയാണ്. ഒരു സംഖ്യയോട് 2 കൂട്ടിയാൽ അടുത്ത സംഖ്യ എന്നതാണ് ഈ ശ്രേണിയിലെ നിയമം. 3,9,23,81,…… എന്നത് മറ്റൊരു ശ്രേണിയുമാണ്. ഒരു സംഖ്യയെ 3 കൊണ്ട് ഗുണിച്ചാൽ അടുത്ത സംഖ്യ കിട്ടുന്ന വിധത്തിലാണ് ഇത്. 0,3,6,12,24,48, എന്ന ശ്രേണിയോ? ഇവിടെ ഓരോ സംഖ്യയെയും 2 കൊണ്ട് ഗുണിച്ചതാണ് അടുത്ത സംഖ്യ . ജ്യോതിശാസ്ത്രത്തിലെ ഒരു പ്രധാനപ്പെട്ട സംഖ്യ ശ്രേണിയാണ് ഇത്.ഈ ശ്രേണിയിലെ ചില ഗണിത ക്രിയകൾ നടത്തി പരിഷ്കരിച്ചാൽ സൂര്യനിൽ നിന്ന് ഗ്രഹങ്ങളിലേക്കുള്ള ദൂരങ്ങളാകും. ആദ്യം 4 കൂട്ടണം .4,7,10,16,28,52,100,196,388,772,…. ഇനി 10 കൊണ്ട് ഹരിക്കണം .0.4,0.7,1.0,1.6,2.8,5.2,10,19.6,38.8,77.2,… 1.0 എന്നത് ഭൂമിയിലേക്കുള്ള ദൂരമായി കരുതാം . അപ്പോൾ 0.4 ബുധനിലേക്കുള്ള ദൂരം 0.7 ശുക്രനിലേക്ക് 1.6 ചൊവ്വയിലേക്ക്,2.8 അൽപഗ്രഹങ്ങളിലേക്കുള്ളത് 5.2 വ്യാഴത്തിലേക്കുള്ളത് 10 ശനിയിലേക്ക് 19.6 യുറാനസ്സിലേക്ക് 38.8 നെപ്ട്യൂണിലേക്ക് 77.2 പ്ലൂട്ടോയിലേക്ക് എന്നിങ്ങനെ .ബോഡെ എന്ന ശാസ്ത്രജ്ഞനാണ് ഇത് കണ്ടുപിടിച്ചത്. അതിനാൽ എന്ന ശ്രേണിക്ക് ബോഡെ ശ്രേണി എന്നും ഈ ശ്രേണിയിൽ നിന്നും കിട്ടുന്ന ദൂരങ്ങൾ ബോഡെ സംഖ്യകൾ എന്നും അറിയപ്പെടുന്നു.

ഹൃദ്യ ടി എം

10A

# ഞാവൽ

| | |
|---|---|
| *ശാസ്ത്രനാമം* | *:syzygium cumini* |
| *സസ്യ കുടുംബം* | *:Myrtaceae* |
| *ഇംഗ്ലീഷ് നാമം* | *: Jamun tree* |
| *സംസ്കൃത നാമം* | *: മഹാനീല* |

## *സസ്യ വിവരണം*

*ഇന്ത്യ, ശ്രീലങ്ക ഉൾപ്പെടെ മിക്ക ഏഷ്യൻ രാജ്യങ്ങളിലും സ്വാഭാവികമായി കണ്ടുവരുന്ന ഞാവൽ മരം ഹിന്ദുക്കളും ബുദ്ധ മതക്കാരും ഒരുപോലെ പവിത്രമായിക്കരുതുന്ന ഒരു ഫല വൃക്ഷമായ ഞാവൽ കേരളത്തിലുടനീളം കാണാം. ഇലകൾക്ക് നേരിയ ടാർപെന്റയിൻ ഗന്ധമുണ്ട്. നമ്മുടെ നാട്ടിൽ മെയ് മുതൽ ഓഗസ്റ്റ് വരെ ഞാവൽ പഴത്തിന്റെ കാലമാണ്.കുലകളായി ഞാവൽ മരം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ഫലം മൂത്തുപഴുത്താൽ ഇരുണ്ട നീലലോഹിത നിറമാണ്. രുചിച്ചു നോക്കിയാൽ മധുരവും ചവർപ്പും കലർന്ന രസമാണ്. ഫലത്തിനുള്ളിൽ ഉരുണ്ടതും അകം കട്ടികൂടിയതുമായ ഒരു വിത്ത് കാണാം.പരമ്പരാഗതമായി വിത്തുപയോഗിച്ചാണ് ഞാവൽ വൃക്ഷം വളർത്തിയെടുക്കുക. ഈ രീതിയിൽ വൃക്ഷം കായ്ക്കാൻ 8-9 വർഷം വേണം. ഇപ്പോൾ വിപണിയിൽ ലഭ്യമായ ഗ്രാഫ്റ്റ് ചെയ്ത തൈകൾ നടീൽ വസ്തുവായി ഉപയോഗിച്ചാൽ 3-4 വർഷത്തിനുള്ളിൽ തന്നെ കായ്ക്കാൻ തുടങ്ങും.നീർവാഴ്ചയുള്ള കളിമണ്ണാണ ഞാവൽ നടാൻ പറ്റിയ ഇടം.*

## *രാസഘടന*

*ഞാവൽ പഴത്തിന്റെ വിത്തിൽ ജംബോളിൻ എന്ന ഗ്ലൈക്കോസൈഡും ജംബോസിൻ എന്ന മറ്റൊരു രാസപദാർത്ഥവും അടങ്ങിയിട്ടുണ്ട്.ഇവ കൂടാതെ anthocyanin എന്ന വർണകമാണ് ഫലത്തിന് ഈ വർണം നൽകുന്നത്. ചവർപ്പ് രസം നൽകുന്നത് ഗാലിക് അമ്ലമാണ്.*

*അലീന ആന്റണി*

*10C*

# ചിത്രകാരന്മാർ



# കടംകഥ

1. അകം എല്ലാം തോലും പുറം പൊന്തം പൊന്തം
2. അകത്തു തിരിയിട്ടു പുറത്തു തിരിയിട്ടു
3. അകത്തു രോമം പുറത്തിറച്ചി
4. അച്ഛൻ തന്ന ചില മുക്കീട്ടും മുക്കീട്ടും നനയുന്നില്ല
5. താമരയില
6. അച്ചടിക്കൊമ്പത്തൊരുകുടം ചോര
7. അപ്പം പോലെ തടിയുണ്ട് അല്പം മാത്രം തലയുണ്ട്
8. അപ്പാട്ടെ പട്ടിക്ക് നാക്കിൽ പല്ല്
9. അപ്പാട്ടുണ്ടൊരു കൊട്ടത്തേങ്ങ ഉളക്കിപ്പിടിക്കാൻ ഞെട്ടില്ല
10. അതെടുത്തിതിലേക്കിട്ടു ഇതെടുത്തതിലെക്കിട്ടു

കീർത്തന വി എൽ

10A

ഉത്തരങ്ങൾ

വൈക്കോൽത്തുറു
കുരുമുളക്
മൂക്ക്
താമരയില
ചുവന്ന എഹൈമ്പരത്തിപ്പൂവ്
ആമ
ചിരവ
മുട്ട
പായ നെയ്യുക

Gvhss Puthenchira

# സംസ്കൃത പഠനം

**നക്ഷത്രങ്ങൾ : 27**

അശ്വതി , ഭരണി, കാർത്തിക , രോഹിണി, മകയിരം , തിരുവാതിര, പുണർതം , പൂയം , ആയില്ല്യം, മകം, പൂരം, ഉത്രം, അത്തം, ചിത്തിര , ചോതി, വിശാഖം, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, പൂരുരുട്ടാതി, ഉത്രട്ടാതി, രേവതി

**തിഥികൾ :**

പ്രഥമ, ദ്വിതീയ, തൃതിയ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠി, സപ്തമി, അഷ്ടമി, നവമി, ദശമി, ഏകാദശി, ദ്വാദശി, ത്രയോദശി, ചതുർദശി, വാവ് - പക്കം 15.

**മലയാള മാസങ്ങൾ :**

ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കടകം.

**പഞ്ചഭൂതങ്ങൾ :**

ഭൂമി, ജലം, വായു, അഗ്നി, ആകാശം

**പഞ്ച മാതാക്കൾ :**

അഹല്യ, ദ്രൗപദി, സീത, താര, മണ്ഡോദരി

**സപ്തര്ഷികൾ :**

മരീചി, അംഗിരസ്സ്, അത്രി, പുലസ്ത്യൻ , പുലഹൻ , വസിഷ്ഠൻ , ക്രതു

**ചിരഞ്ജീവികൾ :**

അശ്വത്ഥാമാവ്, മഹാബലി, വേദവ്യാസൻ, വിഭീഷണൻ, ഹനുമാൻ, കൃപർ, പരശുരാമൻ

**നവഗ്രഹങ്ങൾ :**

ആദിത്യൻ, ചന്ദ്രൻ, കുജൻ (ചൊവ്വ) , ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു

**നവരസങ്ങൾ :**

ശൃംഗാരം, കരുണം, വീരം, രൗദ്രം, ഹാസ്യം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം

**ദശാവതാരം :**

**Gvhss Puthenchira**

മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി

**ദശപുഷ്പങ്ങൾ :**

കറുക, നിലപ്പന, പൂവാംകുറുന്തല, കഞ്ഞുണ്ണി മുയല്ച്ചെവി, വിഷ്ണുക്രാന്തി, ഉഴിഞ്ഞ, ചെറൂള, മുക്കുറ്റി, തിരുതാളി.

**ദശോപനിഷത്തുകൾ :**

ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡം, മണ്ഡൂക്യം, ഛാന്ദോക്യം, തൈത്തരീയം, ഐതരേയം, ബൃഹദാരണ്യകം.

**വേദങ്ങൾ 4 : ഋക്, യജുസ്, സാമം, അഥര്വ്വം**

**ഉപവേദങ്ങൾ :**

ആയുർവേദം, ധനുർവേദം, ഗാന്ധര്വ വേദം, അര്ത്ഥവേദം

**വേദാംഗങ്ങൾ :**

ശിക്ഷ, വ്യാകരണം, ഛന്ദസ്സ്,കല്പം, നിരുക്തം, ജ്യോതിഷം

**വേദോപാംഗങ്ങൾ :**

യോഗം, സാംഖ്യം, വൈശേഷികം, ന്യായം, മീമാംസ വേദാന്തം

**മഹാപുരാണങ്ങൾ :**

പത്മം, വിഷ്ണു, നാരദീയം, ഭാഗവതം, ഗാരുഡം, വരാഹം, മത്സ്യം, കൂര്മ്മം, ലിംഗം, വായവ്യം, സ്കന്ദം, ആഗ്നേയം, ബ്രഹ്മാണ്ഡം, ബ്രഹ്മവൈവര്ത്തം, മാര്ക്കണ്ഡേയം, ബ്രഹ്മ, ഭവിഷ്യത്ത്, വാമനം.

**യമം :** അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം

**നിയമം :** ശൌചം, സന്തോഷം, തപസ്, സ്വാദ്ധ്യായം,

ആര്യ എൻ ആർ 10A

# ബാല്യം

*ഇന്നെന്റെ ബാല്യത്തിലൊഴുകുന്ന*

*എത്രയോ സുന്ദര സുരഭില ബാല്യം*

*അറിയുവാനേറെ കൊതിച്ച ബാല്യം*

*അറിയുവാണെന്നും കാതോർത്തുഞാൻ*

*എന്നമെന്നമ്മതൻ താരാട്ടുപാട്ടിന്റെ*

*മധുരംഒരീണമായ ചൊല്ലിടും ഞാൻ*

*ബാല്യത്തിലെന്നടെ കണ്ടൊരാ സ്വപ്നങ്ങൾ*

*അറിവിന്റെ പാഠം തുറന്നു തന്നു*

*അന്നെന്റെ ബാല്യത്തിൽ പാടിയ കവിതകൾ*

*മഴത്തുള്ളിയായ് തെളിയുന്നോർമയിൽ*

*പ്രശാന്ത് എ എസ്*

*8B*

# ഫോട്ടോ ഗാലറി

### സ്കൂൾ പ്രവേശനോത്സവം





### വിജയോത്സവം പരിസ്ഥിതി ദിനം





**Gvhss Puthenchira**

### പി ടി എ പൊതുയോഗം

### സ്കൂൾ കലോത്സവം





**Gvhss Puthenchira**

### സ്കൂൾ വാർഷികവും യാത്രയയപ്പുംമികവുത്സവം



# നന്ദി

**ഈ ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ മുഴുവൻ അധ്യാപകർക്കും ഹെഡ് മിസ്ട്രസ്സിനും.................................**